"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം പാരിപ്പള്ളി അമൃത ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപികയായ ശ്രീമതി.മംഗള ജി.പി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി 26942/2022 മേലുള്ള 22.08.2022 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.7795/2022/GEDN തീയതി,തിരുവനന്തപുരം, 08-12-2022

---

പരാമർശം:-

1. ശ്രീമതി.മംഗള ജി.പി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി 26942/2022 മേലുള്ള 22.08.2022 തീയതിയിലെ വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2022 തീയതിയിലെ ET1/13717/2022 /ഡി.ജി.ഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കൊല്ലം പാരിപ്പള്ളി അമൃത ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപികയായ ശ്രീമതി.മംഗള ജി.പി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി 26942/2022 മേലുള്ള പരാമർശം 1 വിധിന്യായത്തിൽ Ext.P2 & Ext.P4 എന്നിവയുടെ വെളിച്ചത്തിൽ Ext.P5 റിവിഷൻ ഹർജി പരിഗണിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

2. ഹർജിക്കാരിയുടെ അമൃത സംസ്കൃതം എച്ച്എസ്എസിൽ എൽജി സംസ്കൃത അധ്യാപികയായിരുന്ന 16.07.2007 മുതൽ 31.05.2011 വരെയുള്ള കാലയളവിലെ നിയമനത്തിന് അംഗീകാരം നൽകണമെന്നും കൂടാതെ 16.07.2007 മുതൽ 31.05.2011 വരെയുള്ള കാലയളവിലെ ശമ്പളവും എല്ലാ സേവന ആനുകൂല്യങ്ങളും വിതരണം ചെയ്യണമെന്നുമാണ് Ext.P5 ലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട

വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. കൊല്ലം പാരിപ്പള്ളി അമൃത ഹയർ സെക്കൻഡറി സ്കൂളിൽ 2007-08 അധ്യയന വർഷം ശ്രീമതി.മംഗള ജി.പി. യെ എൽ.ജി (സംസ്കൃതം) അധ്യാപികയായി ശ്രീമതി. ശ്രീപ്രിയയുടെ രാജി ഒഴിവിൽ മാനേജർ നിയമിച്ചിരുന്നു. പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കൻഡറി സ്കൂളിൽ പുതുതായി ആരംഭിച്ച സ്കൂൾ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ഇത്തരം സ്കൂളുകളിൽ ഉണ്ടായ ഒഴിവുകൾ എല്ലാം സംരക്ഷിത അധ്യാപകരെ കൊണ്ട് നികത്തണമെന്ന സർക്കാരിന്റെ 28-06-2002 ലെ സ.ഉ.(അ) 178/2002/പൊ.വി.വ നിലനിന്നിരുന്നതിനാൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി. പിന്നീട് 12-01-2010 ലെ ജി.ഒ(പി) നം. 10/10/പൊ.വി.വ പ്രകാരം 2006-07 വർഷം മുതൽ 2009-10 വരെയുള്ള അധ്യയന വർഷങ്ങളിൽ എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയം പുനഃപരിശോധിച്ച് അനുവദനീയമായ തസ്തികകൾ ഉൾപ്പെടെ, തൊട്ടടുത്ത വർഷം മുതൽ പ്രസ്തുത സ്കൂളുകളിൽ ഉണ്ടാകുന്ന പുതിയ ഒഴിവുകളിൽ മേൽപ്പറഞ്ഞ അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് തുല്യമായ എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കാം എന്നു സമ്മതിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തികൊണ്ടുള്ള സമ്മതപത്രം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കണം എന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചു കൊണ്ട് നിയമനം അംഗീകരിച്ചു നൽകാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പാരിപ്പള്ളി അമൃത ഹയർ സെക്കൻഡറി സ്കൂളിലെ മാനേജർ നിശ്ചിത ബോണ്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിക്കുകയുണ്ടായില്ല. 10-10-2011 ലെ സ.ഉ.നമ്പർ 199/2011/പൊ.വി.വ ഉത്തരവ് പ്രകാരം അധ്യാപക പാക്കേജ് നിലവിൽ വരികയും ശ്രീമതി.മംഗളയുടെ പേര് പാക്കേജിൽ ഉൾപ്പെട്ടതിനെ തുടർന്ന് ടിയാരിയുടെ നിയമനം 01/06/2011 മുതൽ അംഗീകരിച്ചു നൽകുകയും ചെയ്തു. എന്നാൽ ശ്രീമതി.മംഗള ജി.പി.യുടെ നിയമന തീയതിയായ 16-07-2007 മുതൽ ടിയാരിക്ക് നിയമനാഗീകാരം ലഭിക്കണമെന്നാണ് 16-07-2022 ൽ സർക്കാരിൽ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

5. മേൽ സാഹചര്യത്തിൽ മാനേജർ നിശ്ചിത ബോണ്ട് സമർപ്പിച്ചില്ല എന്ന കാരണം കൊണ്ട് മാത്രമാണ് നിയമനാംഗീകാരം നിഷേധിച്ചത് എന്ന് ഉറപ്പു വരുത്തിയ ശേഷം മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ ഹർജിക്കാരിക്ക് നിയമനാംഗീകാരം നൽകുന്നതിന്

കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം റിട്ട് ഹർജി 26942/2022 മേലുള്ള പരാമർശം 1ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ് -

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം.

മാനേജർ, അമൃത സംസ്കൃതം ഹയർ സെക്കൻഡറി സ്കൂൾ, പാരിപ്പള്ളി, കൊല്ലം - 691 574.

മംഗള ജി.പി, ഹൈസ്കൂൾ ടീച്ചർ (സംസ്കൃതം), അമൃത സംസ്കൃതം ഹയർ സെക്കൻഡറി സ്കൂൾ, പാരിപ്പള്ളി, കൊല്ലം - 691 574.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 08-12-2022 15:07:41

സെക്ഷൻ ഓഫീസർ